# SY-237

**Reg. No. : .....................................**

**Name : ..........................................**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2026**

Part – III

Time : 2 Hours

**GEOGRAPHY**

Cool-off time : 15 Minutes

Maximum : 60 Scores

**(Map Accompanied)**

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും 'കൂൾ ഓഫ് ടൈം' ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിനു മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവം വായിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

## SECTION – A

**Answer any 6 questions from 1 to 8. Each carries 1 score. (6 × 1 = 6)**

1. The type of interaction between primitive human society and strong forces of nature is _________.

   (a) Possibilism (b) Environmental Determinism

   (c) Neo-Determinism (d) Radicalism

2. An early example of long distance trade route connecting Rome and China –

   (a) Big Trunk Route (b) Big Inch

   (c) Silk Route (d) Trans-Pacific Route

3. The regionally concentrated, self-sustained and highly specialised high tech industries are called _________.

   (a) Foot-loose industries (b) Technopolies

   (c) Agri-business (d) Manufacturing Industries

4. The second largest language family –

   (a) Austric (b) Dravidian

   (c) Sino-Tibetan (d) Indo-European

5. An example of market based oil refinery –

   (a) Digboi (b) Mumbai High

   (c) Barauni (d) Moran

6. The step initiated by the Planning Commission of India to induce regional balance in agricultural development in 1988 –

   (a) Green Revolution (b) IADP

   (c) Agro-Climatic Planning (d) NMSA

7. The largest container port in India –

   (a) Mumbai port (b) Kochi port

   (c) Jawaharlal Nehru port (d) Kolkata port

## SECTION – A

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക.**

**1 സ്കോർ വീതം.** **(6 × 1 = 6)**

1. പ്രാകൃത മനുഷ്യസമൂഹങ്ങളും പ്രകൃതിയുടെ ശക്തമായ ബലങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തെ കുറിക്കുന്നതാണ് _________.
   (a) സാധ്യതാവാദം (b) പാരിസ്ഥിതിക നിയതവാദം
   (c) നവവിധിവിശ്വാസം (d) റാഡിക്കലിസം

2. റോമിനെ ചൈനയുമായി ബന്ധിപ്പിക്കുന്ന ദീർഘദൂര വ്യാപാരത്തിന്റെ ആദ്യകാല ഉദാഹരണം
   (a) ബിഗ് ട്രങ്ക് റൂട്ട് (b) ബിഗ് ഇഞ്ച്
   (c) സിൽക്ക് റൂട്ട് (d) ട്രാൻസ് പസഫിക് റൂട്ട്

3. പ്രാദേശികമായി കേന്ദ്രീകരിച്ചിട്ടുള്ളതും സ്വയം പര്യാപ്തമായതും ഉയർന്ന സവിശേഷതകളുള്ളതുമായ ഹൈടെക്ക് വ്യവസായങ്ങളെ വിളിക്കുന്നതാണ് _________.
   (a) ഫൂട്ട്ലൂസ് വ്യവസായങ്ങൾ (b) ടെക്നോപോളീസ്
   (c) അഗ്രി-ബിസിനസ് (d) വൻകിട വ്യവസായങ്ങൾ

4. ഏറ്റവും വലിയ രണ്ടാമത്തെ ഭാഷാകുടുംബം
   (a) ആസ്ട്രിക് (b) ദ്രവീഡിയൻ
   (c) സിനോ-ടിബറ്റൻ (d) ഇൻഡോ-യൂറോപ്യൻ

5. കമ്പോളത്തെ അടിസ്ഥാനമാക്കിയുള്ള എണ്ണ ശുദ്ധീകരണശാലയ്ക്കുദാഹരണം
   (a) ദിഗ്ബോയ് (b) മുംബൈ ഹൈ
   (c) ബറൗണി (d) മോറാൻ

6. കാർഷിക വികസനത്തിൽ പ്രാദേശിക സന്തുലിതാവസ്ഥ കൈവരിക്കുന്നതിനായി 1988-ൽ ഇന്ത്യൻ ആസൂത്രണ കമ്മീഷൻ ആരംഭിച്ച നടപടി.
   (a) ഹരിത വിപ്ലവം
   (b) IADP
   (c) കാർഷിക-കാലാവസ്ഥ ആസൂത്രണം
   (d) NMSA

7. ഇന്ത്യയിലെ ഏറ്റവും വലിയ കണ്ടയ്നർ തുറമുഖം
   (a) മുംബൈ തുറമുഖം (b) കൊച്ചി തുറമുഖം
   (c) ജവഹർലാൽ നെഹ്റു തുറമുഖം (d) കൊൽക്കത്ത തുറമുഖം

8. Raju is an electrician. Identify in which type of economic activity he is engaged with :

   (a) Primary activities  (b) Secondary activities


   (c) Tertiary activities  (d) Quaternary activities

## SECTION – B

**Answer any 10 questions from 9 to 20. Each carries 2 scores.** **(10 × 2 = 20)**

9. Write the advantages of water transport.

10. Complete the flow chart showing different types of farming :




11. Differentiate rural and urban settlements.

12. Rain-water harvesting is a method to capture and store rain-water for various uses. Find out different methods for rain-water harvesting.

13. List out the pillars of human development and explain any two of them in detail.

14. Transport distance can be measured in three ways. Find out and explain any two ways.

15. "Sea ports are the gateways of international trade." Substantiate.

16. List out the sources of air pollution.

8. രാജു ഒരു ഇലക്ട്രീഷ്യൻ ആണ്. ആയാൾ ഏത് തരം സാമ്പത്തിക പ്രവർത്തനത്തിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്ന് തിരിച്ചറിയുക

(a) പ്രാഥമിക പ്രവർത്തനങ്ങൾ (b) ദ്വിതീയ പ്രവർത്തനങ്ങൾ


(c) ത്രിതീയ പ്രവർത്തനങ്ങൾ (d) ചതുർത്ഥ പ്രവർത്തനങ്ങൾ

## SECTION – B

**9 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(10 × 2 = 20)**

9. ജലഗതാഗതത്തിന്റെ മേൻമകൾ എഴുതുക.

10. വിവിധ തരം കൃഷിരീതികളുമായി ബന്ധപ്പെട്ട ഫ്ളോ ചാർട്ട് പൂർത്തീകരിക്കുക :




11. ഗ്രാമ-നഗര വാസസ്ഥലങ്ങളെ വേർതിരിച്ചെഴുതുക.

12. വിവിധ ആവശ്യങ്ങൾക്കായി മഴവെള്ളം ശേഖരിക്കുന്ന മാർഗ്ഗമാണ് മഴവെള്ളക്കൊയ്ത്ത്. മഴവെള്ളക്കൊയ്ത്തിനായുള്ള വിവിധ മാർഗ്ഗങ്ങൾ കണ്ടെത്തുക.

13. മാനവ വികസനത്തിന്റെ തൂണുകൾ പട്ടികപ്പെടുത്തി അവയിൽ ഏതെങ്കിലും രണ്ടെണ്ണം വിശദീകരിക്കുക.

14. ഗതാഗതദൂരം മൂന്ന് രീതിയിൽ കണക്കാക്കാം. ഏതെങ്കിലും രണ്ട് രീതികൾ കണ്ടെത്തി വിശദീകരിക്കുക.

15. “അന്താരാഷ്ട്ര വ്യാപാരത്തിന്റെ കവാടങ്ങളാണ് തുറമുഖങ്ങൾ”. സാധൂകരിക്കുക.

16. വായുമലിനീകരണത്തിന്റെ സ്രോതസുകൾ പട്ടികപ്പെടുത്തുക.

17. Migration is one among the three components of population change. Identify and explain the other two.

18. Identify the following :

    (a) Name the helicopter service operating in the hilly areas of North-Eastern part of India.

    (b) The connecting stretches of NW-1.

19. Plantation agriculture was introduced by the Europeans in the colonies situated in tropics. Prepare a short note on plantation agriculture.

20. Match the items in Column-B with Column-A :

| **A**<br>**Period** | **B**<br>**Approaches** |
|---|---|
| Early colonial period | Spatial Organisation |
| 1950s to 1960s | Emergence of humanistic, radical and behavioural schools |
| 1970s | Exploration and description |
| Later colonial period | Regional analysis |

## SECTION – C

**Answer any 6 questions from 21 to 28. Each carries 3 scores. (6 × 3 = 18)**

21. Briefly explain the demographic transition theory along with the stages.

22. Identify the challenges faced by adolescent age group.

23. Write a short note on the Hill Area Development Programme that comes under target area planning by Planning Commission.

17. ജനസംഖ്യാ വ്യതിയാനത്തിന്റെ മൂന്ന് ഘടകങ്ങളിൽ ഒന്നാണ് കുടിയേറ്റം. മറ്റ് രണ്ടെണ്ണം തിരിച്ചറിഞ്ഞ് വിശദീകരിക്കുക.

18. ചുവടെ കൊടുത്തിരിക്കുന്നവ തിരിച്ചറിയുക :

(a) ഇന്ത്യയുടെ വടക്ക്-കിഴക്കൻ ഭാഗത്തെ കുന്നിൻ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഹെലികോപ്ടർ സർവീസിന്റെ പേര്.

(b) ദേശിയ ജലപാത 1 ബന്ധിപ്പിക്കുന്ന ഭാഗങ്ങൾ.

19. തോട്ടവിള കൃഷി യൂറോപ്യൻമാർ ഉഷ്ണമേഖലകളിൽ സ്ഥിതി ചെയ്യുന്ന അവരുടെ കോളനികളിൽ ആവിഷ്കരിച്ചതാണ്. തോട്ടവിള കൃഷിയെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക.

20. കോളം A-യ്ക്ക് അനുയോജ്യമായവ B-കോളത്തിൽ നിന്നും ചേർത്തെഴുതുക :

| **A**<br>**കാലഘട്ടം** | **B**<br>**സമീപനങ്ങൾ** |
|---|---|
| ആദ്യകാല കോളനിവൽകരണ കാലം | സ്ഥാനീയ സംഘാടനം |
| 1950-കൾ മുതൽ 1960-കൾ വരെ | മാനവികത, റാഡിക്കൽ, ബിഹേവിയറൽ ചിന്താ ധാരകളുടെ ഉദയം |
| 1970-കൾ | പര്യവേക്ഷണവും വിവരണവും |
| പിൽക്കാല കോളനിവൽകരണ കാലം | മേഖലാ വിശകലനം |

## SECTION – C

**21 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(6 × 3 = 18)**

21. ജനസംഖ്യാ പരിവർത്തന സിദ്ധാന്തം ഘട്ടങ്ങൾ സഹിതം സംക്ഷിപ്തമായി വിശദീകരിക്കുക.


22. കൗമാര ജനസംഖ്യ നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിയുക.

23. ആസൂത്രണ കമ്മീഷന്റെ ഉദ്ദിഷ്ട പ്രദേശ ആസൂത്രണത്തിൽ ഉൾപ്പെടുന്ന മലയോര പ്രദേശ വികസന പദ്ധതിയെക്കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കുക.

24. Match the following :

| A<br><br>**Type of Industries** | B<br><br>**Raw Materials used** |
|---|---|
| (a) Agro based | (i) Copper |
| (b) Mineral based | (ii) Bamboo |
| (c) Chemical based | (iii) Cotton |
| | (iv) Mineral oil |

25. Identify the mining method indicated as ‘A’ in the diagram given below and explain its salient features.





26. Minerals are generally concentrated in three broad belts in India. Give a brief account of these mineral belts.

27. The Human Development Index measures attainments in human development. Analyse various indicators for preparing the Human Development Index.

24. ചേരും പടി ചേർക്കുക :

| **A**<br>**വിവിധ തരം**<br>**വ്യവസായങ്ങൾ** | **B**<br>**ഉപയോഗിക്കുന്ന**<br>**അസംസ്കൃത വസ്തുക്കൾ** |
|---|---|
| (a) കാർഷികാധിഷ്ഠിതം | (i) ചെമ്പ് |
| (b) ധാതു അധിഷ്ഠിതം | (ii) മുള |
| (c) രാസ അധിഷ്ഠിതം | (iii) പരുത്തി |
| | (iv) ധാതു എണ്ണ |

25. ചുവടെ കൊടുത്തിരിക്കുന്ന ഡയഗ്രത്തിൽ 'A' എന്ന് സൂചിപ്പിച്ചിരിക്കുന്ന ഖനന രീതി ഏതെന്ന് തിരിച്ചറിയുകയും അതിന്റെ പ്രധാന സവിശേഷതകൾ വിശദമാക്കുകയും ചെയ്യുക.




26. ഇന്ത്യയിൽ പൊതുവെ മൂന്ന് വിശാല മേഖലകളിലായാണ് ധാതുക്കൾ കേന്ദ്രീകരിച്ചിട്ടുള്ളത്. ഈ ധാതു മേഖകളെക്കുറിച്ച് ഒരു ചെറിയ വിവരണം നൽക്കുക.

27. മാനവവികസന സൂചിക മാനവവികസനത്തിലെ നേട്ടങ്ങളെ അളക്കുന്നു. മാനവവികസന സൂചിക തയ്യാറാക്കുന്നതിനുള്ള വിവിധ സൂചകങ്ങൾ വിശകലനം ചെയ്യുക.

28. Ports can be classified on the basis of specialised functions. Complete the table using the given hints.


| A<br>Type of Port | B<br>Characteristics | C<br>Example |
|---|---|---|
| (a) Oil port | __________ | __________ |
| (b) __________ | Calling points on main sea routes | __________ |
| (c) Packet station | Known as Ferry ports | __________ |
| (d) __________ | Strategic importance | Kochi |

## SECTION – D

**Answer any 3 questions from 29 to 32. Each carries 4 scores.** **(3 × 4 = 12)**

29. Identify the agriculture system shown in the given map of the world and mention its characteristics.

**Hint :** It is known as Jhuming in North-Eastern states of India.



28. പ്രത്യേകതരം ധർമ്മങ്ങളെ അടിസ്ഥാനമാക്കി തുറമുഖങ്ങളെ വർഗ്ഗീകരിക്കാം. തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ടേബിൾ പൂർത്തിയാക്കുക.


| A<br>വിവിധ തരം തുറമുഖങ്ങൾ | B<br>സവിശേഷതകൾ | C<br>ഉദാഹരണം |
|---|---|---|
| (a) എണ്ണ തുറമുഖം | __________ | __________ |
| (b) __________ | പ്രധാന സമുദ്രപാതകളിൽ സ്ഥിതിചെയ്യുന്നു. | __________ |
| (c) പാക്കറ്റ് സ്റ്റേഷൻ | കടത്തു തുറമുഖങ്ങൾ എന്നറിയപ്പെടുന്നു | __________ |
| (d) __________ | തന്ത്രപ്രാധാന്യമുള്ളവ | കൊച്ചി |

## SECTION – D

**29 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(3 × 4 = 12)**


29. തന്നിരിക്കുന്ന ലോക ഭൂപടത്തിൽ സൂചിപ്പിച്ചിരിക്കുന്ന കാർഷിക സമ്പ്രദായം ഏതെന്ന് കണ്ടെത്തി അതിന്റെ സവിശേഷതകൾ എഴുതുക.

**സൂചന** : ഇന്ത്യയുടെ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിൽ ഇത് ജുമിങ്ങ് എന്നറിയപ്പെടുന്നു.



30. 90 percent of the world population lives in about 10 percent of its land area. Discuss various geographical factors that make the differences in the distribution of population.

31. Analyse the map given below and prepare a brief description about the trans-continental railway line mentioned.




32. Describe the characteristics of clustered and semi-clustered rural settlements in India.

## SECTION – E

33. Identify any four of the geo-information given below and mark them on the outline map of India : **(4)**

(a) The leading producing state of tea

(b) NW-3

(c) The state implemented Neeru-Meeru Watershed Management Programme


(d) The largest jute producing state

(e) The largest coal field in India

(f) The highest densely populated peninsular state according to 2011 Census

30. ലോകജനസംഖ്യയുടെ 90 ശതമാനവും ഭൂപ്രദേശത്തിന്റെ ഏകദേശം 10 ശതമാനത്തിൽ ജീവിക്കുന്നു. ജനസംഖ്യാ വിതരണത്തിൽ വ്യത്യാസമുണ്ടാക്കുന്ന വിവിധ ഭൂമിശാസ്ത്ര പരമായ ഘടകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

31. ചുവടെ കൊടുത്തിരിക്കുന്ന ഭൂപടം വിശകലനം ചെയ്ത് സൂചിപ്പിച്ചിരിക്കുന്ന ഭൂഖണ്ഡാന്തര റെയിൽവേ പാതയെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.




32. ഇന്ത്യയിലെ കേന്ദ്രീകൃത, അർദ്ധ-കേന്ദ്രീകൃത ഗ്രാമീണ വാസസ്ഥലങ്ങളുടെ സവിശേഷതകൾ വിവരിക്കുക.

## SECTION – E

33. ചുവടെ നൽകിയിരിക്കുന്ന ഭൂവിവരങ്ങളിൽ ഏതെങ്കിലും നാലെണ്ണം തിരിച്ചറിഞ്ഞ് ഇന്ത്യയുടെ ഭൂപടരൂപരേഖയിൽ അടയാളപ്പെടുത്തുക : **(4)**

(a) തേയില ഏറ്റവും കുടുതൽ ഉൽപാദിപ്പിക്കുന്ന സംസ്ഥാനം.

(b) ദേശീയ ജലപാത-3

(c) നീരു-മീരു നീർത്തട പരിപാലന പദ്ധതി നടപ്പിലാക്കിയ സംസ്ഥാനം.

(d) ചണം ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന സംസ്ഥാനം.

(e) ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപാടം.

(f) 2011 സെൻസസ് പ്രകാരം ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള ഉപദ്വീപിയൻ സംസ്ഥാനം.

Cut Here Cut Here Cut Here Cut Here

Map for Q. No. **33**

